"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കൃഷി വകുപ്പ് - ജീവനക്കാര്യം - കൃഷി ഓഫീസറായ ശ്രീമതി. കൃഷ്ണ. പി.എം. - ന്റെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ചു - ഉത്തരവാകുന്നു.

---

**കൃഷി (ഇ എ) വകുപ്പ്**

സ.ഉ.(സാധാ) നം.18/2024/AGRI തീയതി,തിരുവനന്തപുരം, 05-01-2024

---

പരാമർശം:-

1. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 15/11/2023 തീയതിയിലെ ADFW/10994/2023-SD2 നമ്പർ നടപടിക്രമം
2. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 30/11/2023 തീയതിയിലെ ADFW/9270/2023-SD2 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൽ കൃഷി ഓഫീസറായി 04/09/2018 പൂർവ്വാഹ്നത്തിൽ ജോലിയിൽ പ്രവേശിച്ച ശ്രീമതി. കൃഷ്ണ. പി.എം. പ്രൊബേഷൻ കാലയളവിൽ 17/11/2019 മുതൽ 30/11/2019 വരെ 14 ദിവസത്തെ അർദ്ധവേതനാവധി 01/12/2019 തീയതി പിൻചേർത്ത് എടുത്തിട്ടുണ്ട്. ടിയാൾ നിർബന്ധിത വകുപ്പുതല പരീക്ഷ പാസ്സാകാതിരുന്നതിനാൽ ടിയാളുടെ പ്രൊബേഷൻ കാലയളവ് പരാമർശം (1) നടപടിക്രമം പ്രകാരം 19/09/2020 മുതൽ 18/09/2021 വരെ ഒരു വർഷത്തേക്ക് ദീർഘിപ്പിച്ചു കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ശ്രീമതി. കൃഷ്ണ. പി.എം. ജനുവരി 2022 ന് അക്കൗണ്ട് ടെസ്റ്റ് പരീക്ഷ പാസ്സായിട്ടുണ്ട്. ടി പരീക്ഷയുടെ അവസാന തീയതി 26/04/2022 ആണ്. ശ്രീമതി. കൃഷ്ണ. പി.എം. - ന്റെ പ്രൊബേഷൻ പ്രഖ്യാപിക്കുന്നതിനായി ടിയാളുടെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ചു ഉത്തരവാകണമെന്ന് പരാമർശം (2) പ്രകാരം കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ അപേക്ഷിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൽ കൃഷി ഓഫീസറായ ശ്രീമതി. കൃഷ്ണ. പി.എം. - ന്റെ പ്രൊബേഷൻ കെ എസ്.&എസ് എസ് ആർ ഭാഗം II ചട്ടം 21 ലെയും 28 (bbb) ലെയും 30/08/1989 ലെ 7850/റൂൾസ് -1-88/P&ARD നമ്പർ സർക്കുലറിലെയും വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ 27/04/2022 പൂർവ്വാഹ്നം പ്രാബല്യത്തിൽ പ്രഖ്യാപിക്കുന്നതിനായി ടിയാളുടെ പ്രൊബേഷൻ കാലയളവ് 19/09/2021 മുതൽ 28/04/2022 വരെ ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**VALSALA S D**

ഡെപ്യൂട്ടി സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
ശ്രീമതി. കൃഷ്ണ. പി.എം. (കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ മുഖാന്തിരം)
കരുതൽ സഞ്ചയം / ഓഫീസ് കോപ്പി ( **AGRI-EA2/312/2023-AGRI)**

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ